**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1444** | **11-06-2019 ൽ മറുപടിക്ക്**

**ലോ അക്കാദമിയുടെ ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ലോ അക്കാദമി ഭൂമി വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ തണ്ടപ്പേർ നമ്പർ 11097 പ്രകാരം സർവ്വേ നമ്പർ - 725/1 ൽ 4.26 ഹെക്ടറും തണ്ടപ്പേർ നമ്പർ 11098 പ്രകാരം സർവ്വേ നമ്പർ 726/4 ൽ 41.6 ആർ ഉം ഉൾപ്പെടെ ആകെ 4.676 ഹെക്ടർ (11.55 ഏക്കർ) സ്ഥലം സെക്രട്ടറി, ലോ അക്കാദമി പേരിലുണ്ട്. ഈ സ്ഥലം മുൻ സർവ്വേ 1342/9 എ, 10 എ എന്നിവയിൽ ഉൾപ്പെടുന്നതാണ്. ഈ സ്ഥലം ജി.ഒ (എം.എസ്) 688/84/RD തീയതി 05.07.1984 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിച്ച നൽകിയിട്ടുള്ളതാണ്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ പതിച്ചുകൊടുത്ത ഭൂമി പൂർണ്ണമായും അക്കാദമിയുടെ ആവശ്യത്തിന് ഉപയോഗിക്കാതിരിക്കുകയും, പതിവ് വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലോ അക്കാദമിയ്ക്ക് അനുവദിച്ച ഭൂമിയിലെ വാണിജ്യ സ്ഥാപനങ്ങൾ ഒഴിപ്പിക്കാൻ തിരുവനന്തപുരം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സർക്കാർ പുറമ്പോക്കിൽ (ജല അതോറിറ്റിയുടെ കൈവശഭൂമി) അക്കാദമി സ്ഥാപിച്ചിരുന്ന ബോർഡും ഗേറ്റും നീക്കം ചെയ്തിട്ടുള്ളതും ആയത് കൈയേറ്റം ഉണ്ടാകാതെ സംരക്ഷിക്കാൻ ജല അഥോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ബി) ലോ അക്കാദമിയിൽ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ ഉപയോഗിച്ചിട്ടുള്ള ബാങ്ക്, റസ്റ്റോറന്റ് എന്നിവ ഒഴിപ്പിക്കുന്നതിനായി നിയമവകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ എന്നാണ് നിയമവകുപ്പിന്റെ അഭിപ്രായം തേടിയതെന്നും ഇതിൽ നിയമവകുപ്പ് എന്തഭിപ്രായമാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ? | (സി) 31.05.2017 -ൽ അഭിപ്രായം ചോദിച്ചു. നിയമ വകുപ്പിന്റെ അഭിപ്രായം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**ലോ അക്കാദമിയിൽ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ ഉപയോഗിച്ചിട്ടുള്ള ബാങ്ക്, റസ്റ്റോറന്റ് എന്നിവ ഒഴിപ്പിക്കുന്ന വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം**

05.07.1984 തീയതിയിലെ സ.ഉ (കൈ) 688/84/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ലാ അക്കാദമിക്ക് പതിച്ചു നൽകിയ 11.29 ഏക്കർ ഭൂമിയിൽ സഹകരണ ബാങ്കും, റസ്റ്റോറന്റും പ്രവർത്തിക്കുന്ന ഭൂമിയും, ഉപയോഗിക്കാതെ കിടക്കുന്ന 3.50 ഏക്കർ ഭൂമിയും മാത്രമായി തിരിച്ചെടുക്കുന്നത് നിയമപരമായി നിലനിൽക്കത്തക്കതാണോ എന്നുള്ളതാണ് ഫയലിലെ വിഷയം.

05.07.1984 തീയതിയിലെ സ.ഉ (കൈ) 688/84/റവ നമ്പർ സർക്കാർ ഉത്തരവിൽ താഴെപ്പറയും പ്രകാരം പറഞ്ഞിരിക്കുന്നു, അതായത് :-

"Government are pleased to accord sanction under Rule 24 of the K.L.A Rules for the assignment on registry of the remaining area of 4.5690 hectares (11.29 acres) of land in Sy.No. 1342/9A and 10A of Chettivillakam Village, Trivandrum Taluk in favour of the kerala Law Academy, Trivandrum for the development of Law Academy on realisation of the Market value of Rs. 250/- ............ The assignment will be subject to the usual terms and conditions under the K.L.A. Rules and also subject to the following special conditions.

i. The land shall be used only for the purpose for which it is assigned

ii. The land shall not be alienated without the prior permission of Government

iii. The land will be resumed without payment of compensation, if any of the above conditions is violated.

1964 ലെ The Kerala land Assignment Rules ലെ ചട്ടം 8 (3) പ്രകാരം പതിച്ചു കൊടുക്കൽ inequitable ആണെന്നോ ഏതെങ്കിലും mistake of facts, misrepresentation of facts കാരണമാണോ, തെറ്റായ നടപടിക്രമം ആണെങ്കിലോ ആണെന്ന് കണ്ടാൽ പതിച്ചു നൽകൽ റദ്ദാക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അപ്രകാരം റദ്ദ് ചെയ്താൽ, ഭൂമി പതിച്ചുകിട്ടിയ ആൾക്ക് നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതല്ലായെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഈ വിഷയത്തിൽ 05.07.1984 ലെ 688/84/റവ നമ്പർ ഉത്തരവു പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ ഉപയോഗിക്കാതെ കിടക്കുന്ന 3.50 ഏക്കർ ഭൂമിയും മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന ഭൂമിയും തിരിച്ചെടുക്കുന്നത് നിയമപരമാണോയെന്ന് അഭിപ്രായം ആരാഞ്ഞിരിക്കുന്നു.

ഇതു സംബന്ധിച്ച് നിയമവകുപ്പ് 05.05.2017 ലെ 4242/ഉപദേശം.ജി2/2017/നിയമം നമ്പർ ഫയലിൽ വിശദമായ അഭിപ്രായം നൽകിയിട്ടുള്ളതാണ്. പതിച്ചുകൊടുത്ത ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്ക് പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലായെന്ന കാരണത്താൽ മാത്രം തിരികെ എടുക്കുന്നതിന് കേരള ഭൂമി പതിവ് നിയമത്തിലോ, ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ 05.07.1984 ലെ ഉത്തരവിൽ ഭൂമി പൂർണ്ണമായും ഉപയോഗിക്കാത്ത സാഹചര്യത്തിൽ തിരികെ എടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടില്ല.

ഈ വിഷയത്തിൽ ഭൂമി പതിച്ചു നൽകിയ വ്യവസ്ഥകൾ ലംഘിച്ചതായി കാണുന്നപക്ഷം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 8 (3) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നു ഭരണവകുപ്പിനെ അറിയിക്കുന്നു.

സെക്ഷൻ ഓഫീസർ